**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : **2055**

**11.02.2020 ൽ മറുപടിയ്ക്ക്**

## കുന്ദമംഗലം കോടതി കെട്ടിടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ടി.എ. റഹീം | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കുന്ദമംഗലം കോടതി കെട്ടിടം നവീകരിക്കുന്നതിന് ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയിട്ടുണ്ടോ; | (എ) കുന്ദമംഗലം കോടതി കെട്ടിടം നവീകരിക്കുന്നതിന് ബജറ്റിൽ നടപ്പ സാമ്പത്തിക വർഷം 100 രൂപ പ്രൊവിഷനാണുള്ളത്. |
| (ബി) നിലവിലുള്ള കെട്ടിടം നവീകരിക്കാനാണോ പുതിയത് നിർമ്മിക്കാനാണോ പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്; | (ബി) യും (സി) യും (ഡി) യും നിലവിലുള്ള കുന്ദമംഗലം കോടതി കെട്ടിടം അതിന്റെ പൈതൃക സ്വഭാവം നിലനിറുത്തി കൊണ്ട് പുതുക്കി പണിയുന്നതിന് 100 ലക്ഷം (ഒരു കോടി) രൂപയുടെ എസ്റ്റിമേറ്റ് പ്രൊപ്പോസൽ 21.01.2019 ൽ ഹൈക്കോടതി രജിസ്ട്രാർ സർക്കാരിന് നൽകിയിട്ടുണ്ട്. കുന്ദമംഗലം കോടതിയുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിച്ച വരുന്ന പോലീസ് സ്റ്റേഷൻ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റേണ്ടതായിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ സാഹചര്യത്തിൽ പ്രവൃത്തി സംസ്ഥാന ഫണ്ടിൽ നിന്നുതന്നെ ഏറ്റെടുത്ത് നടത്താൻ സാധിക്കുമോ; | |
| (ഡി) കേന്ദ്ര ഫണ്ട് പുതിയ കെട്ടിടങ്ങൾക്ക് മാത്രമേ ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ എന്നതുകൊണ്ട് സംസ്ഥാന ബജറ്റിൽ നീക്കിവെച്ച ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി നടത്താൻ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ